'119795/2023

"ഭരണഭാഷ-മാതൃഭാഷ"

No. DWCD/1999/2023-ICDS A7

വനിത ശിശുവികസന ഡയറക്ടറുടെ
കാര്യാലയം,
പൂജപ്പുര,തിരുവനന്തപുരം
തീയതി : 09-10-2023
E-Mail:directorate.wcd@kerala.gov.in
Phone No.0471–2346534

## <u>പരിപത്രം</u>

വിഷയം:- വനിതശിശുവികസനവകുപ്പ്- MGNREGS(2022-23 ) പദ്ധതി പ്രകാരമുള്ള അങ്കണവാടി കെട്ടിടനിർമ്മാണം- പ്രൊപ്പോസൽ ലഭ്യമാക്കുന്നത് സംബന്ധിച്ച്:-

സൂചന:- 1. കേന്ദ്രസർക്കാരിന്റെ 31/03/2023 തീയതിയിലെ CD-II-14/36/2022-CD-II നമ്പർ കത്ത്

2. സ.ഉ.(സാധാ) നം 340/2023/WCD തീയതി.13/06/2023

2022-23 സാമ്പത്തിക വർഷത്തിലെ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ പുതിയ കോസ്റ്റ് നോംസ് പ്രകാരം MGNREGA യുമായി സംയോജിപ്പിച്ച് 140 അങ്കണവാടി കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് കേന്ദ്രസർക്കാരിൽ നിന്നും അനുമതി ലഭ്യമായിട്ടുണ്ട്. പ്രസ്തുത പദ്ധതി പ്രകാരം ഒരു അങ്കണവാടിയ്ക്ക് കെട്ടിടനിർമ്മാണത്തിനായി 8 ലക്ഷം രൂപ MGNREGA വിഹിതവും , 2 ലക്ഷം രൂപ 15-ാം ധനകാര്യകമ്മീഷൻ ഫണ്ട് (any other untied fund) , 2 ലക്ഷം രൂപ 60: 40 അനുപാതത്തിൽ കേന്ദ്രസംസ്ഥാന സർക്കാരുകളും വഹിക്കുന്നു. പ്രസ്തുത പദ്ധതി പ്രകാരം അങ്കണവാടികൾക്ക് കെട്ടിടനിർമ്മാണാനുമതി ലഭിക്കുന്നതിനായി ചുവടെ പറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം പ്രൊപ്പോസലുകൾ സമർപ്പിക്കേണ്ടതാണ്.

- അങ്കണവാടി കെട്ടിടനിർമ്മാണത്തിനായി ലഭ്യമാകുന്ന സ്ഥലം റവന്യൂ രേഖകൾ പ്രകാരം വകുപ്പിന്റെയോ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണസ്ഥാപനത്തിന്റെയോ പേരിലാണെന്ന് ഉറപ്പേക്കേണ്ടതാണ്.
- അങ്കണവാടി കെട്ടിടനിർമ്മാണത്തിനായി ലഭ്യമായിട്ടുള്ള സ്ഥലം പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുണ്ടെന്നുള്ള പഞ്ചായത്ത് സെക്രട്ടറിയുടെ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.
- MGNREGS പദ്ധതിയുടെ പുതുക്കിയ കോസ്റ്റ്നോംസ് പ്രകാരം 2 ലക്ഷം രൂപ 15-ാം ധനകാര്യകമ്മീഷൻ ഫണ്ട് (any other untied fund) വകയിരുത്തിക്കൊണ്ടുള്ള ഭരണസമിതി തീരുമാനം ലഭ്യമാക്കേണ്ടതാണ്.

'119795/2023

- കെട്ടിടനിർമ്മാണത്തിനായി ലഭ്യമായിട്ടുള്ള സ്ഥലം സിഡിപിഒ /സൂപ്പർവൈസർ നേരിട്ട് സന്ദർശിച്ച് സ്ഥലം കെട്ടിടനിർമ്മാണത്തിനനുയോജ്യമാണെന്ന് ഉറപ്പ് വരുത്തേണ്ടതും, സ്ഥലം കെട്ടിട നിർമ്മാണത്തിനനുയോജ്യമാണെന്നുള്ള സിഡിപിഒയുടെ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതുമാണ്.
- കെട്ടിടനിർമ്മാണത്തിനായി ലഭ്യമായിട്ടുള്ള സ്ഥലം തദ്ദേശീയമായ പ്രശ്നങ്ങൾ /കോടതി വ്യവഹാരങ്ങൾ ഇല്ലാത്തതാണെന്നും ഗുണഭോക്താക്കൾക്ക് എത്തിച്ചേരുവാൻ ഗതാഗതസൗകര്യം ഉള്ളതാണെന്നും സിഡിപിഒ /സൂപ്പർവൈസർ ഉറപ്പ് വരുത്തേണ്ടതാണ്.
- നെൽവയൽ, പുറമ്പോക്ക് ഭൂമി, തണ്ണീർത്തടങ്ങൾ, വനഭൂമി എന്നീ പ്രദേശങ്ങളിൽ സ്ഥലം ലഭ്യമാകുന്നപക്ഷം ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നുള്ള അനുമതി പത്രം ലഭ്യമായതിനുശേഷം മാത്രമേ പ്രോപ്പോസൽ സമർപ്പിക്കാൻ പാടുള്ളൂ.
- കെട്ടിടനിർമ്മാണത്തിനായി പ്രൊപ്പോസലുകൾ സമർപ്പിക്കുമ്പോൾ ടി അങ്കണവാടികൾക്ക് വകുപ്പിന്റെ /ഇതര പദ്ധതികളിൽ ഉൾപ്പെടുത്തി മുൻപ് നിർമ്മാണാനുമതി ലഭിച്ചിട്ടില്ല എന്ന് സിഡിപിഒമാർ ഉറപ്പ് വരുത്തേണ്ടതും ടി വിവരം പ്രൊപ്പോസലിൽ സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.
- നിർമ്മാണാനുമതി ലഭ്യമായ ശേഷം വിവിധകാരണങ്ങളാൽ പദ്ധതിയിൽ നിന്നും ഒഴിവാകുന്ന പ്രവണത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആകയാൽ ടി പദ്ധതി പ്രകാരം കെട്ടിടനിർമ്മാണം സാധ്യമാണെന്ന് ഉറപ്പുള്ള പ്രൊപ്പോസലുകൾ മാത്രം ശിശുവികസനപദ്ധതിആഫീസർമാർ ശുപാർശ സഹിതം പ്രോഗ്രാം ആഫീസർമാർക്ക് സമർപ്പിക്കേണ്ടതാണ്.
- പ്രോഗ്രാം ആഫീസർമാർ പ്രസ്തുത പ്രൊപ്പോസലുകൾ പരിശോധിച്ച് മേൽ പറഞ്ഞ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി കെട്ടിടനിർമ്മാണം സാദ്ധ്യമാണെന്നും പ്രൊപ്പോസലിനോടൊപ്പം ഉൾപ്പെടുത്തേണ്ട രേഖകൾ എല്ലാം ഉൾപ്പെട്ടിട്ടുണ്ടെന്ന് ഉറപ്പാക്കി വ്യക്തമായ ശുപാർശ സഹിതം ഈ കാര്യാലയത്തിൽ സമർപ്പിക്കേണ്ടതാണ്.

വനിത ശിശു വികസന ഡയറക്ടർ

എല്ലാ പ്രോഗ്രാം ആഫീസർമാർക്കും
എല്ലാ ശിശുവികസനപദ്ധതി ആഫീസർമാർക്കും
പകർപ്പ്-ഫയൽ/സ്റ്റോക്ക് ഫയൽ

ligned by Priyanka G
late: 09-10-2023 00:06:50

MGNREGS പദ്ധതി പ്രകാരമുള്ള കെട്ടിടനിർമ്മാണം- പ്രൊപ്പോസൽ സമർപ്പിക്കുന്നതിനുള്ള പ്രൊഫോർമ

| ക്രമ നം | ഐസിഡിഎസ് | പഞ്ചായത്ത് | AWCNo | ലഭ്യമായ ഭൂമിയുടെ വിവരങ്ങൾ | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | Area | റവന്യു രേഖകൾ പ്രകാരം സ്ഥലത്തിന്റെ ഉടമസ്ഥാവകാശം ഉള്ള വകുപ്പിന്റെ പേര് | ഭൂമിയുടെ തരം (പുരയിടം, നെൽവയൽ, പുറമ്പോക്ക്,തണ്ണീർത്തടം,വനഭൂമി) | ബന്ധപ്പെട്ട വകുപ്പ് | ബന്ധപ്പെട്ട വകുപ്പിന്റെ അനുമതി പത്രം ലഭ്യമായിട്ടുണ്ടോ (ഉണ്ട്/ഇല്ല) | അനുമതിപത്രം ഉള്ളടക്കം ചെയ്തിട്ടുണ്ടോ (ഉണ്ട്/ഇല്ല) | സ്ഥലം കോടതി വ്യവഹാരം /തർക്കത്തിൽപ്പെട്ടിട്ടുണ്ടോ (ഉണ്ട്/ഇല്ല) | സ്ഥലം ഗതാഗത സൗകര്യം ഉള്ളതാണോ (ഉണ്ട്/ഇല്ല) | സ്ഥലം കെട്ടിട നിർമ്മാണത്തിന് അനുയോജ്യമാണോ (ഉണ്ട്/ഇല്ല) | സ്ഥലം പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുണ്ടെന്നുള്ള പഞ്ചായത്ത് സെക്രട്ടറിയുടെ സാക്ഷ്യപത്രം ഉള്ളടക്കം ചെയ്തിട്ടുണ്ടോ (ഉണ്ട്/ഇല്ല) | സ്ഥലം സന്ദർശിച്ച ഉദ്യോഗസ്ഥ (പേര്,തസ്തിക) | 15-ാം ധനകാര്യ കമ്മീഷൻ ഫണ്ട് (any other untied fund) വകയിരുത്തി കൊണ്ടുള്ള ഭരണസമിതി തീരുമാനം ഉള്ളടക്കം ചെയ്തിട്ടുണ്ടോ (ഉണ്ട്/ഇല്ല) |
| | | | | | | | | | | | | | | | | |
| | | | | | | | | | | | | | | | | |
| | | | | | | | | | | | | | | | | |

igned by Priyanka G
ate: 09-10-2023 00:07:30

'119797/2023

## സാക്ഷ്യപത്രം

---------- ഐസിഡിഎസ്സ് പ്രോജക്ടിലെ ---------------പഞ്ചായത്തിലെ ---------നമ്പർ അങ്കണവാടിയ്ക്ക് ലഭ്യമായ സ്ഥലം കെട്ടിടം നിർമ്മിക്കുന്നതിന് അനുയോജ്യമാണെന്നും, ടി അങ്കണവാടിയ്ക്ക് മറ്റ് പദ്ധതികളിൽ ഉൾപ്പെട്ട് കെട്ടിടനിർമ്മാണാനുമതി ലഭിക്കുകയോ/ശുപാർശ സമർപ്പിക്കുകയോ ചെയ്തിട്ടില്ല എന്ന് സാക്ഷ്യപ്പെടുത്തുന്നു.

തീയതി.

പേര്

ഒപ്പ്

ശിശുവികസനപദ്ധതി ആഫീസർ

## സാക്ഷ്യപത്രം

മേൽ സാക്ഷ്യപത്രത്തിലെ വിവരങ്ങൾ പരിശോധിച്ച് ഉറപ്പുവരുത്തിയിട്ടുള്ളതായി സാക്ഷ്യപ്പെടുത്തുന്നു.

പേര്

ഒപ്പ്

പ്രോഗ്രാം ആഫീസർ